# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4994　　01.07.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സോളാർ തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസിൽ ഉൾപ്പെട്ടിട്ടുള്ള മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, ഗൺമാൻ എന്നിവർക്കെതിരെ തെളിവെടുപ്പോ മറ്റ് അന്വേഷണ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കാമോ; | (എ) സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് പ്രസ്തുത ഓഫീസിലെ ചില ജീവനക്കാരെ സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്. കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) സരിതാ എസ് നായരുടെ ഫോൺ കോളുകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, എന്നിവർക്ക് സരിത. എസ്. നായരുടെ ഫോൺ കോളുകൾ പോയിട്ടുണ്ട് എന്നത് വ്യക്തമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) സോളാർ തട്ടിപ്പും, അതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങളെ സംബന്ധിച്ചും പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരികയാണ്. അന്വേഷണത്തെ ബാധിക്കുന്ന കാര്യമായതിനാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (സി) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചീഫ് വിപ്പ് നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാം; ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ ഈ സംഭവത്തിൽ സർക്കാർ വിശ്വാസത്തിലെടുക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കാത്തതെന്താണ്; | (സി) വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | സോളാർ കേസിൽ ഉൾപ്പെട്ട ബിജു രാധാകൃഷ്ണന്റെ വെളിപ്പെടുത്തലുകൾ എന്തെല്ലാം; മുഖ്യമന്ത്രിയുടെ പി. എ ടെന്നി ജോപ്പന് മുഖ്യമന്ത്രിയുടെ ശുപാർശ കത്ത് തരപ്പെടുത്തി നൽകിയതിന് സരിത പ്രതിഫലം നൽകി എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ടെന്നി ജോപ്പനെതിരെ നിയമാനുസൃതം സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാം; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കേസെടുത്തിട്ടുണ്ടോ; | (ഡി) | കേസ് അന്വേഷണാവസ്ഥയിലായതിനാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കുറ്റക്കാരെന്ന് തെളിയുന്നവർക്കെതിരെ നിലവിലുള്ള നിയമം അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | കോട്ടയം ഡി.സി.സി. സെക്രട്ടറി കെ.ജെ. ജെയിംസിന് ബന്ധമുള്ളതായി പറയപ്പെടുന്ന ചിട്ടി കമ്പനിയിൽ സരിത എസ്. നായർ, സീരിയൽ നടി ശാലു മേനോൻ ബിജു രാധാകൃഷ്ണൻ എന്നിവർക്ക് നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ഇ) | സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിവരികയാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (എഫ്) | ഈ സ്ഥാപനത്തിന്റെ തട്ടിപ്പ് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; പരാതി ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; പരാതി നൽകിയത് ആര്; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എഫ്) | സോളാർ തട്ടിപ്പ് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയ്ക്ക് ലഭിച്ച 4 പരാതികൾ അന്വേഷണത്തിനായി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പരാതിക്കാരുടെ പേരു വിവരങ്ങളും, പരാതിയുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു. |
| (ജി) | സോളാർ തട്ടിപ്പ് കേസിൽ ഇതുവരെ പോലീസ് ആരെയെല്ലാം ചോദ്യം ചെയ്തു എന്നും ഈ കേസിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ജി) | കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**